**No. CEE/4848/2013/KEAM-2014/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സ് പ്രവേശനം - 2014 ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിലേയ്ക്കുള്ള അലോട്ട്മെന്റ്

[GO(Rt)No.2399/2014/H&FWD Dated 16.07.2014, GO(Rt)No.2412/2014/H&FWD Dated 17.07.2014, GO(Rt)No.2294/2014/H&FWD Dated 07.07.2014, GO(Rt)No.2413/2014/H&FWD Dated 17.07.2014]

2014–ലെ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 30% സീറ്റുകൾ കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇത്തരം സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

ന്യൂനപക്ഷ പദവി/കമ്മ്യൂണിറ്റി ക്വാട്ട ലഭ്യമായിട്ടുള്ള മെഡിക്കൽ/ഡന്റൽ കോളേജുകളുടേയും സംവരണത്തിന് അർഹമായ സമുദായങ്ങളുടേയും വിവരങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

## LIST OF MEDICAL COLLEGES

| Sl. No. | Code | College | Community | Certificate Issuing Authority |
|---|---|---|---|---|
| 1 | **AZC** | Azeezia Institute of Medical Sciences & Research, Meeyyannoor P O, Kollam | Muslim | Village Officer |
| 2 | **SMC** | Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram | 1.SIUC Nadar community candidates under South Kerala Diocese of Church of South India<br><br>2.SC and St candidates under South Kerala Diocese of Church of South India<br><br>3.Non Nadar SIUC under South Kerala Diocese of Church of South India | Rt.Rev.A Dharmaraj Rasalam,<br>Bishop,<br>South Kerala Diocese of Church of South India |

## List of Dental Colleges

| Sl. No. | Code | College | Community | Certificate Issuing Authority |
|---|---|---|---|---|
| 1 | **AAD** | Al-Azhar Dental College, Perumpillichira P O, Thodupuzha, Idukki | Muslim | Village Officer |
| 2 | **ADC** | Annoor Dental College, Puthuppady P O, Muvattupuzha, Ernakulam | Muslim | Revenue Authority |
| 3 | **AZD** | Azeezia College of Dental Sciences & Research, Meeyyannoor, Kollam | Muslim | Village Officer |
| 4 | **RDC** | Royal Dental College, Iron Hills, Chalissery P O, Palakkad | Muslim | Village Officer |
| 5 | **EID** | Educare Institute of Dental Science, Kiliyamannil Campus, Chattiparamba, Malappuram | Muslim | Village Officer |
| 6 | **IGD** | Indira Gandhi Institute of Dental Sciences, Nellikuzhy P O, Kothamangalam, Ernakulam | Muslim | Village Officer |
| 7 | **MBD** | Mar Baselios Dental College, Kothamangalam, Ernakulam | **Jacobite Syrian** | C P Kuriakose,<br>Secretary |
| 8 | **SGD** | St. Gregorios Dental College, Chelad P O, Kothamangalam, Ernakulam | **Jacobite Syrian Christian** | Thambu George Thukalan,<br>Director,<br>St.Gregorios Dental College,<br>Kothamangalam, Ernakulam |

മേൽപ്പറഞ്ഞ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ മൈനോറിറ്റി/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേക്ക് അപേക്ഷിക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അതത് കോളേജുകൾക്ക് നേരെ നൽകിയിട്ടുള്ള ജാതി/സമുദായ സർട്ടിഫിക്കറ്റിന്റെ പ്രൊഫോർമയുടെയും, വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമയുടെയും പ്രിന്റൗട്ട് എടുത്ത് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ജാതി/സമുദായ സർട്ടിഫിക്കറ്റ് വാങ്ങി പൂരിപ്പിച്ച വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമ **(Proforma for Submission of Candidate Details)** ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

**ജാതി/സമുദായ സർട്ടിഫിക്കറ്റിന്റെ പ്രെഫോർമയും വ്യക്തിഗത വിവരങ്ങളുടെ പ്രെഫോർമയും 26.07.2014 ഉച്ചയ്ക്കു ശേഷം 2 മണി മുതൽ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകും**

2014 ലെ കേരള എം.ബി.ബി.എസ്/ബി.ഡി.എസ് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുസ്ലീം സമുദായ ത്തിൽപ്പെട്ട വിദ്യാർത്ഥികൾ പുതുതായി ജാതി/സമുദായ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല. എന്നാൽ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാത്ത മുസ്ലിം സമുദായത്തിൽപെട്ട വിദ്യാർത്ഥികളെ ഈ ക്വാട്ടയിലേക്ക് പരിഗണിക്കുന്നതിലേക്കായി മേൽപറഞ്ഞ സർട്ടിഫിക്കറ്റും പ്രൊഫോർമയും ഹാജരാക്കേണ്ടതാണ്.

മേൽപറഞ്ഞ സർട്ടിഫിക്കറ്റുകൾ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം 695001** എന്ന വിലാസത്തിൽ **02.08.2014 (ശനിയാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ്** നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്.

നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകളും ഫാക്സ്, ഇ മെയിൽ എന്നിവ മുഖേന അയക്കുന്ന സർട്ടിഫിക്കറ്റുകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

**കുറിപ്പ്: ഈ ക്വാട്ടയിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ താത്പര്യമുള്ള എല്ലാ കോളേജുകളിലേക്കും www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ യഥാസമയം രജിസ്റ്റർ ചെയ്യേണ്ടതാണ്.**

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ 0471-2339101, 2339102, 2339103, 2339104 എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
25.07.2014